(ബി) അവർ ഗവണ്മെൻറു മുമ്പാകെ വെച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ;

(ഡി) പണിമുടക്കു സംരംഭത്തിൽനിന്നു സ്വകാര്യബസ്സുടമകളെ പിൻമാറാൻ അവർക്കു് എന്തെല്ലാം സൗജന്യങ്ങൾ അനുവദിച്ചു ;

(ഡി) സ്വകാര്യ ബസ്സുടമകളുടെ കേരള ഫെഡറേഷന്റെ പ്രധാന ഭാരവാഹിയായ സ്വരാജ് മോട്ടോർ ഉടമസ്ഥൻ 31-12-1963-വരെ സർക്കാരിലേക്കു അടച്ചുതീർക്കാനുള്ള കുടിശ്ശികയുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ)

(എ) അറിയിച്ചിരുന്നു.

(ബി) നിർദ്ദേശങ്ങളുടെ † ലിസ്റ്റു മേശപ്പുറത്തുവെച്ചിട്ടുണ്ടു്.

(സി) 1963 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ 15-നു് മുൻപു് അടയ്ക്കേണ്ടിയിരുന്ന ടി. പി. ജി. ആക്ടു അനുസരിച്ചുള്ള കോമ്പസിഷൻ ഫീസു് അടയ്ക്കുന്നതിനു് അതാതു മാസം 30-നു- വരെ സമയം അനുവദിച്ചുകൊടുത്തു.

(ഡി) 1,02,780 ഉറുപ്പിക 63 നയാപൈസ.

കൃഷ്ണൽ ലീവു്.

* 482. [17] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകൃതി ദിവസത്തേക്കു് കൃഷ്ണൽലീവു് അനുവദിക്കുന്ന സമ്പ്രദായം ഇതിനുമുമ്പു് ഗവണ്മെൻറു പ്രസ്സിൽ ഉണ്ടായിരുന്നോ ;

(ബി) എന്നുമുതലെന്നുവരെ അത്തരമൊരു ആനുകൂല്യം നിലവിലിരുന്നു ;

(സി) എന്നുമുതൽ half day കൃഷ്ണൽ ലീവു് സിസ്റ്റം ഗവണ്മെൻറു പ്രസ്സിൽ നിറുത്തലാക്കി ;

(ഡി) അതിനുള്ള കാരണമെന്താണു് ;

(ഇ) ഇതു് പുനഃപരിശോധനചെയ്യാൻ ഗവണ്മെൻറു സദയം ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടായിരുന്നു.

(ബി) 11-6-1963 വരെ ഈ ആനുകൂല്യം നിലവിലിരുന്നു. എന്നുമുതലാണു് ഈ ആനുകൂല്യം നിലവിലിരുന്നതെന്നു് തീർത്തു പറയാൻ സാദ്ധ്യമല്ല.

(സി) 12-6-1963 മുതൽ.

(ഡി) 1-11-1959 മുതൽ കേരള സർവ്വീസു് റൂളുകളും ഗവണ്മെൻറു പ്രസ്സിലും നടപ്പിലായി. പ്രസ്തുത റൂളുകളും പ്രകാരം അരദിവസത്തെ കൃഷ്ണൽ ലീവു് അനുവദനീയമല്ല. പ്രസ്സിന്റെ ആഡിറ്റു് റിപ്പോർട്ടിൽ അരദിവസത്തെ കൃഷ്ണൽ ലീവു് അനുവദിച്ചിരുന്ന സമ്പ്രദായം റൂൾ അനുസരിച്ചു് നിറുത്തലാക്കണമെന്നു് ചൂണ്ടിക്കാണിച്ചിരുന്നു. ഇവ കാരണമാണു് 12-6-1963 മുതൽ ഇതു് നിറുത്തലാക്കിയതു്. തെറ്റായി 1-11-1959 മുതൽ 12-6-1963 വരെ അനുവദിച്ചിട്ടുള്ള അരദിവസത്തെ കൃഷ്ണൽ ലീവു് ഗവണ്മെൻറു റൂളുറൈസു് ചെയ്യുകയും ചെയ്തു.

(ഈ) പുനഃപരിശോധന ചെയ്യേണ്ട ആവശ്യം കാണുന്നില്ല.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അനിരുദ്ധൻ : ഇതുവരെ സ്വീകരിച്ചിട്ടുള്ള പല നടപടികളും പുനഃപരിശോധന ചെയ്യേണ്ടതാവശ്യമാണെന്നു് ഗവണ്മെന്റിനു് ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടു് ഈക്കാര്യത്തിലും ഒരു പുനഃപരിശോധന ചെയ്യുന്നതിനെപ്പറ്റി പരിഗണിക്കുമോ ?

ശ്രീ ആർ. ശങ്കർ : ഇതിൽ അങ്ങനെ പുനഃപരിശോധന ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. സി. നാരായണൻ നമ്പ്യാർ : വളരെയധികം താൽപര്യം ഉദ്യോഗകാര്യങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർക്കു് എന്തെങ്കിലും കാര്യങ്ങൾ കുറെ സമയം പങ്കെടുക്കേണ്ടി വന്നാൽ ഇപ്പോൾ പകുതി ദിവസത്തെ ലീവു് എടുക്കാൻ സാധിക്കാതെ മുഴുവൻ ദിവസത്തെയും ലീവു് എടുക്കേണ്ടി വരുന്നു. അതുകൊണ്ടു് ഇങ്ങനെ താൽപ്പര്യമുള്ള ഉദ്യോഗസ്ഥന്മാരെ ജോലിയിൽ ഹാജരാകാതിരിക്കാനുള്ള പ്രേരണ ഉണ്ടാക്കുകയല്ലേ പകുതി ദിവസത്തെ കാഷ്വൽ ലീവു് സമ്പ്രദായം നിറുത്തലാക്കിയതുകൊണ്ടു ഉണ്ടാകുന്നതെന്നുള്ളവസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള ആവശ്യത്തിനുവേണ്ടി മാത്രം വച്ചിരിക്കുന്ന ലീവാണു് ഈ കാഷ്വൽ ലീവു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സാധാരണ എല്ലാ ഗവണ്മെന്റാഫീസുകളിലും സെക്കൻഡു് സാറ്റർഡേ പൊതു ഒഴിവു ദിവസമാണു്. എന്നാൽ ഗവണ്മെന്റു് പ്രസ്സിൽ ജോലിചെയ്യുന്നവർക്കു് അതു് ബാധകമല്ല. അതു് അവർക്കുകൂടി അനുവദിക്കുമെന്ന കാണിച്ചു് ഗവണ്മെന്റിലേയ്ക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ ആനുകൂല്യം ഗവണ്മെന്റു പ്രസ്സിലെ ജീവനക്കാർക്കുകൂടി അനുവദിക്കാതിരിക്കാനുള്ള കാരണമെന്താണു് ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയൊരു നിവേദനം കിട്ടിയിരുന്നു. അതിനെപ്പറ്റി ആലോചിച്ചതിനശേഷം അതു് അനുവദിക്കുന്നതു് ശരിയായിരിക്കയില്ലെന്നു തീരുമാനിച്ചു.

ഗവണ്മെന്റു ജീവനക്കാരുടെ ക്ഷാമബത്ത.

* 483. [18] ശ്രീ. പി. ആർ. ഫ്രാൻസിസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹു: ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ച ജീവിതച്ചെലവിനെ പരിഗണിച്ചു ഗവണ്മെന്റു ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്കു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടു്.

(ബി) 100 രൂപയിൽ കുറവായ അടിസ്ഥാന ശമ്പളം വാങ്ങിക്കുന്ന ഗവണ്മെന്റു ജീവനക്കാർക്കു് മൂന്നു രൂപയും, നൂറു രൂപയോ അതിനു മുകളിൽ ഇരുന്നൂറു രൂപയ്ക്കു താഴെയോ അടിസ്ഥാന ശമ്പളം വാങ്ങിക്കുന്നവർക്കു് അഞ്ചു രൂപയും ക്ഷാമബത്ത വർദ്ധിപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(സി) 1–4–1964 മുതൽ.

Mr. Chairman : Question No. 19. An identical question has been answered on 19-2-1964. Question No. 20. may be answered.

LIBRARY ARCHIVES Kerala Legislative Assembly